(സി) ഉണ്ട്. സംസ്ഥാനത്തെ മാവേലി സ്റ്റോറുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി എല്ലാ മാസവും മാവേലി ഷോപ്പ് മാനേജർമാരുടെ മീറ്റിംഗ് വിളിച്ചുകൂട്ടുകയും മാവേലി സ്റ്റോറുകളുടെ പ്രവർത്തനം താലൂക്ക്/റീജിയണൽ തലത്തിൽ വിലയിരുത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ അസിസ്റ്റന്റ് മാനേജർമാർ/ ജൂനിയർ മാനേജർമാർ മാവേലി സ്റ്റോറുകളിൽ പരിശോധന നടത്തുകയും മാവേലി സ്റ്റോറുകളുടെ പ്രവർത്തനം നേരിട്ടു വിലയിരുത്തുകയും മാവേലി സ്റ്റോർ ജീവനക്കാർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ സമയാസമയങ്ങളിൽ നൽകുകയും ചെയ്യാറുണ്ട്. മാവേലി സ്റ്റോറുകളുടെ വിറ്റുവരവ് എല്ലാ മാസവും അവലോകനം ചെയ്യാറുണ്ട്. മാവേലി സ്റ്റോറുകളുടെ പ്രവർത്തനം കൂടുതൽ ആകർഷകമാക്കുന്നത് സംബന്ധിച്ച് വിശദമായ പഠനം നടത്തുകയും പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിറ്റുവരവ്, കെട്ടിട സൗകര്യം, വിപണന സാദ്ധ്യത എന്നീ നിശ്ചിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത മാവേലി സ്റ്റോറുകളെ ലാഭം സപ്ലൈകോ മാർക്കറ്റുകളാക്കി ഉയർത്തുവാൻ തീരുമാനിക്കുകയും അതിൻ പ്രകാരം നാളിതുവരെയായി 102 മാവേലി സ്റ്റോറുകളെ ലാഭം മാർക്കറ്റുകളാക്കി ഉയർത്തുകയും ചെയ്തിട്ടുണ്ട്. മാവേലി സ്റ്റോറുകളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി എല്ലാ ഷോപ്പ് മാനേജർമാർക്കും റീജിയണൽ തലത്തിൽ ട്രെയിനിംഗും നൽകിവരുന്നു.

(ഡി) സംസ്ഥാനത്തെ പ്രധാന കവലകൾ കേന്ദ്രമാക്കി മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിനായി പ്രധാന കവലകൾ തിരഞ്ഞെടുക്കുവാനായി ഒരു സർവ്വേ നടത്താനുള്ള നടപടികൾ എടുത്തുവരുന്നുണ്ട്.

പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്തിൽ മാവേലി സ്റ്റോർ ആരംഭിക്കുവാൻ നടപടി

40 [1172] ശ്രീ. ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എല്ലാ പഞ്ചായത്തുകളിലും മാവേലി സ്റ്റോർ അനുവദിക്കുമെന്ന നയത്തിന്റെ ഭാഗമായി ഇനിയും മാവേലി സ്റ്റോറില്ലാത്ത അമ്പലപ്പുഴ നിയോജക മണ്ഡലത്തിലെ പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്തിൽ മാവേലി സ്റ്റോർ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ മാനദണ്ഡങ്ങൾക്കനുസൃതമായി പഞ്ചായത്തധികൃതർ അനുയോജ്യമായ കെട്ടിടം ലഭ്യമാക്കുന്ന മുറയ്ക്ക് മാവേലി സ്റ്റോർ ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly